**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**<u>വിജ്ഞാപനം</u>**

# 2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവു വന്ന സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുവന്ന സർക്കാർ സീറ്റുകൾ നികത്തുന്നതിനായി **21.09.2015–**ന് നടത്തിയ അലോട്ട്മെന്റിനു ശേഷം സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകളിലും **Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram** എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ഒഴിവുള്ള സർക്കാർ സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് **27.09.2015–**ന് പ്രസിദ്ധീകരിക്കുന്നതാണ്.

മറ്റു സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ഇതിനോടകം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ നിലവിലെ ഹയർ ഓപ്ഷനുകൾ വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റദ്ദാക്കപ്പെടുന്നതാണ്. 2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിച്ചിട്ടുള്ള മറ്റ് അർഹരായ വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്ക് ഓപ്ഷൻ സമർപ്പണം എന്നിവ **25.09.2015** മുതൽ **27.09.2015 വൈകുന്നേരം 3 മണി** വരെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ ഉണ്ടായിരിക്കുന്നതാണ്. <u>**നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും** എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.</u> അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **28.09.2015, 29.09.2015** എന്നീ തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **29.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു</u>**

| | |
|---|---|
| 25.09.2015 (8 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 27.09.2015 (3 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **27.09.2015 (8 pm)** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 28.09.2015, 29.09.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 29.09.2015, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

**<u>ചുവടെ ചേർക്കുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്</u>**

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| 1 | **AAM** | Al Azhar Medical college & Super speciality Hospital, Ezhalloor, Thodupuzha, Idukki |
| 2 | **GMC** | Sree Gokulam Medical College & Research Foundation, Venjaramoodu P O, Thiruvananthapuram |

**ഫീസ് നിരക്ക്:**

| എം ബി ബി എസ് | | | |
|---|---|---|---|
| 1. Al Azhar Medical college & Super speciality Hospital, Thodupuzha<br>2. Sree Gokulam Medical College & Research Foundation, Venjaramoodu P O, Thiruvananthapuram | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 25,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 25,000/- രൂപ | **മറ്റുള്ളവർ** **1,85,000/– രൂപ** |

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ അലോട്ട്മെന്റിൽ മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല. മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് തുടർന്നുള്ള അലോട്ട്മെന്റ് സംബന്ധിച്ച് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:– പ്രസ്തുത അലോട്ട്മെന്റ് Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും, ഇനിയൊരു വിജ്ഞാപനം ഉണ്ടാകാത്ത പക്ഷം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

**Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അലോട്ട്മെന്റും അഡ്മിഷനും ബഹു: കേരളാ ഹൈക്കോടതിയുടെ പരിഗണനയിലുള്ള റിട്ട് പെറ്റീഷനുകളിന്മേലുള്ള അന്തിമ തീർപ്പിനു വിധേയമായിരിക്കും**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

തിരുവനന്തപുരം
25.09.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**